# ഭദ്രദീപ

ഭദ്രാവതി രൂപതാബുള്ളറ്റിൻ

**Vol.3, No. 3** **September - 2009**


Edited & Published by Fr. Francis Allumpurath
Bishop's House, St. Joseph's Church
Shimoga - 577 204, Karnataka, India.

Cover Design : Bro. Ajai Elavuthinkal
Layout : Fr. Jiss Vettiyolil, mcbs
Printed : Matha Prints, Bangalore

Vol.3, No.3, September 2009

# ഉള്ളടക്കം


| | |
|---|---|
| ആശംസകൾ | 4 |
| സർക്കുലർ 2/2009 | 5 |
| കേരള കത്തോലിക്കാ മെത്രാന്മാർ പുറപ്പെടുവിക്കുന്ന ഇടയലേഖനം | 8 |
| രൂപതാകച്ചേരി വാർത്തകൾ | 15 |
| രൂപതാദിനം - 2009 | 17 |
| മതബോധനം | 20 |
| കുടുംബ പ്രേഷിതത്വം | 21 |
| യുവജന പ്രേഷിതത്വം | 22 |
| ചെറുപുഷ്പ മിഷൻലീഗ് | 23 |
| സാമൂഹ്യ പ്രവർത്തനം | 25 |
| Karnataka United Christian Forum for Human Rights (KUCFHR) | 27 |
| Retreat for Priests and Religious Clergy of Karnataka | 27 |
| Birthday and Festal Greetings | 29 |
| Collections | 29 |
| Bishop's Dairy | 30 |
| Bishop's Program | 32 |



ബിജ്നോർ രൂപതയുടെ നിയുക്ത മെത്രാൻ

വെരി റവ. ഫാ. ജോൺ വടക്കേലിന്

ഭദ്രാവതി രൂപതയുടെ

പ്രാർത്ഥനാ നിർഭരമായ ആശംസകൾ

# സർക്കുലർ 2/2009

*ഭദ്രാവതി രൂപതയിലെ ബഹു. വൈദികർക്കും, സന്ന്യസ്തർക്കും, അത്മായസഹോദരർക്കും.*

മിശിഹായിൽ പ്രിയ സഹോദരീ സഹോദരങ്ങളേ,

ഒക്ടോബർ മാസം പരി. അമ്മയ്ക്കും ജപമാലയ്ക്കും പ്രതിഷ്ഠിതമായ മാസമാണല്ലോ. സന്ധ്യാവേളയിൽ ജപമാല ചൊല്ലുകയെന്നത് നമ്മുടെ പാരമ്പര്യവും പ്രത്യേകതയുമാണ്. ആ മാസം പ്രത്യേകമായി നമ്മുടെ കുടുംബങ്ങളിൽ ജപമാല ചൊല്ലി പ്രാർത്ഥിക്കണം. നമ്മുടെ ദേവാലയങ്ങളിൽ ആഘോഷമായി നടത്തുന്ന പത്ത് ദിവസത്തെ ജപമാല പ്രാർത്ഥനയിൽ നിങ്ങളെല്ലാവരും പങ്കെടുക്കണം. കൂടാതെ, മാതാവിന് പ്രതിഷ്ഠിതമായ കപ്പേളകളിലും ഗ്രോട്ടോകളിലും ജനങ്ങൾ ഒരുമിച്ചുചേർന്ന് വൈകുന്നേരങ്ങളിൽ ജപമാലയർപ്പിക്കുന്നതും നല്ലതാണ്.

ആഗോളസഭ ഈ വർഷം ഒക്ടോബർ 18, മിഷൻ ഞായറായി ആഘോഷിക്കുന്നു. യേശുവിന്റെ പ്രേഷിതദൗത്യം തുടരുന്നവരാണ് സഭയും നമ്മളോരോരുത്തരുമെന്ന് ഈ ദിനം നമ്മെ ഓർമ്മപ്പെടുത്തുന്നു. ജീവിതസാക്ഷ്യം, വിവിധ ശുശ്രൂഷകൾ, പ്രാർത്ഥനകൾ, വചന പ്രഘോഷണം എന്നിവയിലൂടെ പ്രേഷിതരാകാൻ നമുക്കും കഴിയും. സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെ സാമ്പത്തികമായും സഹായിക്കേണ്ട ഉത്തരവാദിത്തം നമുക്കുണ്ട്. മതാദ്ധ്യാപകർ, സിസ്റ്റേഴ്സ്, വാർഡ് പ്രതിനിധികൾ എന്നിവരുടെ നേതൃത്വത്തിൽ നമ്മുടെ യുവജനങ്ങളും കുട്ടികളും അന്ന് ഭവനങ്ങൾ സന്ദർശിക്കുകയും കലണ്ടറുകൾ, മിഷൻ കവറുകൾ എന്നിവ വിതരണം ചെയ്യുകയും മിഷൻ പിരിവ് നടത്തുകയും ചെയ്യണം. കൂടാതെ വി. കുർബാന മദ്ധ്യേയുള്ള സ്തോത്രക്കാഴ്ചയും ഈ ഉദ്ദേശത്തെ പ്രതി എടുത്ത് രൂപതാ കാര്യാലയത്തിൽ എത്തിക്കണമെന്നും അറിയിക്കുന്നു.

ഭദ്രാവതി രൂപത ജന്മം കൊണ്ടിട്ട് 2009 ഒക്ടോബർ 25ന് രണ്ട് വർഷം പൂർത്തിയാകുന്നു. ദൈവത്തിന് നന്ദി പറയേണ്ട അവസരമാണിത്. എല്ലാവരെയും, പ്രത്യേകമായി നമ്മുടെ വൈദികരെയും, സിസ്റ്റേഴ്സിനെയും, പൂർവ്വികരെയും ഓർത്ത് നമുക്ക് നന്ദി പറയാം. രൂപതയെന്ന നിലയിൽ രണ്ട് കൊല്ലം നാം പൂർത്തിയാക്കുമ്പോൾ ഇനിയും ദൈവവഴിയിലൂടെ ഏറെ മുന്നോട്ട് പോകേണ്ടവരാണ് നാം എന്നും ഓർക്കാം. പടിപടിയായി നാം നല്ലൊരു ദൈവസമൂഹമായി, കുടുംബമായി മാറണം. നമ്മുടെ കുടുംബങ്ങൾ വിശുദ്ധീകരിക്കപ്പെടണം. ധാരാളം നല്ല വൈദികരെയും സന്ന്യസ്തരെയും നമുക്ക് ലഭിക്കണം. മറ്റുള്ളവർക്ക് യേശു സാക്ഷികളായി നാം ഇനിയും മാറേണ്ടതുണ്ട്. നമ്മുടെ വിശ്വാസം മറ്റുള്ളവരുമായി പങ്കുവയ്ക്കപ്പെടണം. രൂപതാ ദിനാചരണം ആഘോഷത്തേക്കാൾ ഉപരിയായി പ്രാർത്ഥനയുടെയും നവീകരണത്തിന്റെയും പുനർസമർപ്പണത്തിന്റെയും അവസരമായിട്ടാണ് ഞാൻ കണക്കാക്കുന്നത്. അതിനാൽ ഒക്ടോബർ ഒന്നു മുതൽ ഇരുപത്തിനാല് വരെയുള്ള ദിവസങ്ങളിൽ നമ്മൾ പ്രാർത്ഥിച്ച് ഒരുങ്ങണം. ഓരോ ഇടവകയും, സന്യാസഭവനങ്ങളും രൂപതയിൽനിന്ന് നിശ്ചയിച്ചറിയിച്ചിരിക്കുന്ന ദിവസം പ്രാർത്ഥനാദിനമായി ആചരിക്കണം. അന്ന് എല്ലാവരും വി. കുർബാനയിലും തുടർന്നുള്ള ആരാധനയിലും പങ്കുചേരണം. ഒക്ടോബർ പതിനെട്ടാം തിയതി ഞായറാഴ്ച്ച നമ്മുടെ രൂപത മുഴുവനിലും പ്രാർത്ഥനാദിനമായി ആചരിക്കണം. അന്നത്തെ വി. കുർബാനയിലും ആരാധനയിലും രൂപതയെ പ്രത്യേകമായി സമർപ്പിച്ച് പ്രാർത്ഥിക്കണം.

രൂപതാദിനാഘോഷങ്ങൾ ഓരോ വർഷവും ഓരോ ഇടവകൾ കേന്ദ്രീകരിച്ച് നടത്താം എന്ന പാസ്റ്ററൽ കൗൺസിലിന്റെ അഭിപ്രായം പരിഗണിച്ച് ഈ വർഷത്തെ രൂപതാ ദിനാഘോഷങ്ങൾ റിപ്പൺപേട്ട് ഇടവകയിൽ നടത്താൻ തീരുമാനമായി.സന്തോഷത്തോടെ ആ കർത്തവ്യം ഏറ്റെടുത്ത റിപ്പൺപേട്ട് ഇടവകാംഗങ്ങളെയും, നേതൃത്വം നൽകുന്ന ബഹു. അച്ചന്മാരെയും ഞാൻ ഈയവസരത്തിൽ അനുമോദിക്കുന്നു. രൂപതാദിനാ

ഘോഷങ്ങളിൽ കൂടുതൽ അൽമായ പ്രാതിനിധ്യം വേണമെന്ന അഭിപ്രായവും രൂപതാ ആലോചനാസംഘത്തിലും, പാസ്റ്ററൽ കൗൺസിലിലും ഉയർന്നുവന്നിരുന്നു. അതനുസരിച്ച് രൂപതാദിനഘോഷ ത്തിൽ പങ്കെടുക്കേണ്ടവർ, അന്നത്തെ പരിപാടികളുടെ വിശദാംശംങ്ങൾ, പ്രാർത്ഥനാ ദിനങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ എന്നിവ ഈ ബുള്ളറ്റിനിലൂടെ നിങ്ങളെ അറിയിക്കും.

2009 ഒക്ടോബർ ഇരുപത്തിനാലാം തിയതി രാവിലെ 09.45 മുതൽ വൈകുന്നേരം 4.00 വരെ റിപ്പൺപേട്ട് ദേവാലയം കേന്ദ്രീകരിച്ച് നടക്കുന്ന രൂപതാദിനാഘോഷ പരിപാടികൾ വിജയപ്രദമാക്കുവാൻ നിങ്ങളുടെ പ്രത്യേക പ്രാർത്ഥനയും സഹകരണവും ഞാൻ അഭ്യർഥിക്കുന്നു.

2009 സെപ്റ്റംബർ 13 മുതൽ ഒക്ടോബർ 20 വരെ രൂപതയുടെ ആവശ്യങ്ങൾക്കായി ഞാൻ യൂറോപ്പിലേക്ക് പോകുന്ന വിവരവും നിങ്ങളെ അറിയിക്കുന്നു. എന്റെ യാത്ര ഫലപ്രദമാകാൻ നിങ്ങളുടെ പ്രാർത്ഥന അഭ്യർത്ഥിക്കുന്നു. എന്റെ അസാന്നിധ്യത്തിൽ രൂപതയുടെ ഭരണകാര്യങ്ങൾ നിർവഹിക്കുന്നത് ബഹു. ജനറാളച്ചനായിരിക്കും.

ദൈവം പരി. അമ്മയുടെയും രൂപതാ മദ്ധ്യസ്ഥരായ വി. യൗസേപ്പ് പിതാവിന്റെയും അൽഫോൻസാമ്മയുടെയും മദ്ധ്യസ്ഥതയാൽ നിങ്ങളെയും നിങ്ങളുടെ പ്രവർത്തനങ്ങളെയും ധാരാളമായി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം,

**മാർ ജോസഫ് അരുമച്ചാടത്ത്,**
ഭദ്രാവതി രൂപതയുടെ മെത്രാൻ

ഷിമോഗ
01-09-09

---

ഈ സർക്കുലർ 2009 സെപ്റ്റംബർ 27 ന് ഞായറാഴ്ച വി. കുർബാന മദ്ധ്യേ വായിക്കണം.

# പുതുതായി രൂപംകൊള്ളുന്ന സെക്ടുകളെക്കുറിച്ച് കേരള കത്തോലിക്കാ മെത്രാന്മാർ പുറപ്പെടുവിക്കുന്ന ഇടയലേഖനം

മിശിഹായിൽ പ്രിയപ്പെട്ട സഹോദരി സഹോദരന്മാരേ,

രണ്ടാം വത്തിക്കാൻ സൂനഹദോസിനു (1962-65) ശേഷം കത്തോലിക്കാ സഭയിൽ വിവിധങ്ങളായ ആത്മീയ മുന്നേറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. അവയിൽ ഒന്നാണു കരിസ്മാറ്റിക്കു നവീകരണം. ഇതുവഴി സഭയിൽ ഉണ്ടായിട്ടുള്ള ആത്മീയ ഉണർവ്വ് വളരെ വലുതാണ്. ക്രൈസ്തവജീവിതം ആത്യന്തികമായി വചനാധിഷ്ഠിതമായിരിക്കണമെന്ന കാര്യം പ്രബലപ്പെടുന്നതിന് ഇതു സഹായകമായി. ബൈബിൾ വായിക്കുന്നതിന് താത്പര്യം ഉണർത്തിയെന്നതും കരിസ്മാറ്റിക് നവീകരണത്തിന്റെ നേട്ടമാണ്. ഇതിന്റെ ഫലമായി കരിസ്മാറ്റിക്ക് ധ്യാനകേന്ദ്രങ്ങൾ, കൺവെൻഷനുകൾ, പ്രാർത്ഥനാഗ്രൂപ്പുകൾ, വിവിധ ആത്മീയശുശ്രൂഷകൾ തുടങ്ങിയവ രൂപപ്പെട്ടു. ഇവയെല്ലാം നവീകരണരംഗത്ത് വലിയ സംഭാവനകളാണ് നൽകികൊണ്ടിരിക്കുന്നത്.

എന്നാൽ, യേശുവിന്റെ പ്രബോധനത്തിനും സഭയുടെ വിശുദ്ധ പാരമ്പര്യത്തിനും ചേരാത്തതും കത്തോലിക്കാ കരിസ്മാറ്റിക് നവീകരണത്തോട് ബന്ധമില്ലാത്തതുമായ വളരെ അപകടകരങ്ങളായ പ്രവണതകളും ചിന്തകളും നമ്മുടെയിടയിൽ രൂപപ്പെടുന്നുണ്ട്. അവ നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരികയെന്നത് ഞങ്ങളുടെ ഗൗരവപൂർണ്ണമായ അപ്പസ്തോലിക ഉത്തരവാദിത്വമാണ്.

സഭയെപ്പറ്റിയും ദൈവവചനത്തെപ്പറ്റിയും നിരവധി തെറ്റായ ചിന്തകളും പ്രബോധനങ്ങളും ഇന്നു പ്രചരിപ്പിക്കപ്പെടുന്നുണ്ട്. സഭ ഏകവും വിശുദ്ധവും കാതോലികവും അപ്പസ്തോലികവും ആണെന്ന വിശ്വാസം സഭയുടെ വിശുദ്ധ പാരമ്പര്യമാണ്. അതു ബൈബിളധിഷ്ഠിതവുമാണ്. നിഖ്യാവിശ്വാസപ്രമാണത്തിൽ നാം അത് ഏറ്റുപറയുന്നു. യേശു ഒരു സഭ

മാത്രമേ സ്ഥാപിച്ചിട്ടുള്ളു. അപ്പസ്തോലന്മാരും പ്രവാചകന്മാരുമാകുന്ന അടിത്തറമേൽ പണിതുയർത്തപ്പെട്ടതാണ് ആ സഭ. ഈ അടിത്തറയുടെ മൂലക്കല്ല് ക്രിസ്തുവാണ് (എഫേ. 2:20). യേശുവിലൂടെ സാക്ഷാത്കരിക്കപ്പെട്ട രക്ഷാകരപ്രവർത്തനം തുടർന്നുകൊണ്ടുപോകുന്നത് ഈ സഭയിലൂടെയാണ്. യുക്തിപൂർവ്വം ചിന്തിക്കുന്നവർക്ക് ഇതു നിഷേധിക്കാനാവുകയില്ല. കർത്താവുതന്നെ രൂപംകൊടുത്ത ഒരു ഘടനയാണിത്. പത്രോസാകുന്ന പാറമേൽ പണിയപ്പെട്ട ഈ സഭയുടെ പ്രധാന ചുമതലക്കാരൻ അദ്ദേഹത്തിന്റെ പിൻഗാമിയായി നിയമിക്കപ്പെടുന്ന പരിശുദ്ധ മാർപ്പാപ്പായാണ്. മാർപ്പാപ്പായോടൊപ്പം സഭയെ നയിക്കുന്നതും പഠിപ്പിക്കുന്നതും അപ്പസ്തോലന്മാരുടെ പിൻഗാമികളായ മെത്രാന്മാരുടെ സംഘമാണ്.

ഇന്നത്തെ മെത്രാൻ സംഘത്തിന്റെ ആദിമരൂപം അപ്പസ്തോലഗണത്തിലാണ് നമ്മൾ കാണുന്നത്. അവർക്കു നൽകപ്പെട്ട ആത്മീയ അധികാരാവകാശങ്ങളും ഉത്തരവാദിത്വങ്ങളും ഇന്നത്തെ മെത്രാൻ സംഘത്തിനും ഉണ്ട്. അന്ത്യഅത്താഴവേളയിൽ യേശുനാഥൻ അപ്പസ്തോലഗണത്തിനു നൽകിയ ഉപദേശങ്ങൾ, അവർക്കായി നടത്തിയ പ്രാർത്ഥനകൾ, അവരോടു ചെയ്ത വാഗ്ദാനങ്ങൾ തുടങ്ങിയവയെല്ലാം അവരുടെ അനുഗാമികൾക്കും കൂടിയുള്ളതാണ്. ഇതെല്ലാം സൂചിപ്പിക്കുന്നത് എക്കാലവും സഭ അപ്പസ്തോലികമാണെന്ന വസ്തുതയാണ്. ക്രിസ്തു വാഗ്ദാനം ചെയ്ത രക്ഷ അവകാശമാക്കുവാനുള്ള മാർഗം ഈ സഭയിൽ അംഗമായിരിക്കുക എന്നതാണ്. തിരുസഭയിലാണു യേശു സ്ഥാപിച്ച കൂദാശകളുടെ പരികർമ്മം നടക്കുന്നത്. പൗരോഹിത്യശുശ്രൂഷയിലൂടെയാണല്ലോ കൂദാശകൾ പരികർമ്മം ചെയ്യപ്പെടുന്നത്.

ബൈബിളിനെ സംബന്ധിച്ചു പല തെറ്റായ പ്രബോധനങ്ങളും പ്രചരിക്കുന്നുണ്ട്. വിശുദ്ധഗ്രന്ഥം രൂപപ്പെട്ടതു സഭയിലാണ്. അപ്പസ്തോലന്മാരും അവരുടെ പിൻഗാമികളായ മെത്രാൻ സംഘവുമാണ് അതു വ്യാഖ്യാനിക്കാൻ അധികാരപ്പെട്ടവർ. ആത്മാവിന്റെ നിവേശനത്താൽ വ്യാഖ്യാനിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവയുടെ സത്യാവസ്ഥ തീരുമാനിക്കപ്പെടുന്നത്

അവരിലൂടെയാണ്. ഈ പാരമ്പര്യമനുസരിച്ചാണ് സഭാമക്കൾ ദൈവ വചനത്തെയും ഇതര ആത്മീയസത്യങ്ങളെയും വേർതിരിച്ചറിയുന്നതും അനുസരിക്കുന്നതും.

അടുത്തകാലത്തു സഭയിലെ ചില അത്മായ പ്രഘോഷകർ സ്വന്തം സുവിശേഷ ധ്യാനടീമുകളും പ്രാർത്ഥനാഗ്രൂപ്പുകളും സ്ഥാപിക്കുകയും ക്രമേണ സഭാപ്രബോധനങ്ങളിൽനിന്നും നിയന്ത്രണത്തിൽനിന്നും അകന്നു സ്വന്തം നിലയിൽ സെക്ടുകളായി മാറുകയും ചെയ്തിട്ടുണ്ട്. അവർ നടത്തുന്ന ബൈബിൾ വ്യാഖ്യാനങ്ങൾ പലതും സഭയുടെ വിശുദ്ധ പാരമ്പര്യത്തിനോ പ്രബോധനങ്ങൾക്കോ സാമാന്യബുദ്ധിക്കോ നിരക്കാത്തവയാണ്. ലോകാവസാനം അധികം താമസിയാതെ ഉണ്ടാകുമെന്ന് വിശ്വസിക്കുന്നവരുടെ ചില കൂട്ടായ്മകളുണ്ട്. വിശുദ്ധഗ്രന്ഥത്തിലെ ചില വചനങ്ങളുടെ തെറ്റായ വ്യാഖ്യാനമാണ് അതിനു കാരണം. ഇതിനു മുമ്പും ലോകത്തിന്റെ പലഭാഗത്തും ലോകാവസാനം പ്രഖ്യാപിച്ച് വെഞ്ചരിച്ച തിരികളുമായി കാത്തിരിക്കുന്നവരുണ്ട്. ക്രിസ്തുജയന്തി രണ്ടായിരത്തിൽ നമ്മുടെ നാട്ടിലും ഇത്തരം വെളിപാടുകൾ അവതരിപ്പിക്കപ്പെടുകയും പലരും അതു വിശ്വസിക്കുകയും ചെയ്തിരുന്നുവല്ലോ.

വ്യക്തികൾക്കും കുടുംബങ്ങൾക്കും ഉണ്ടാകുന്ന പ്രശ്നങ്ങൾ ബാഹ്യ വസ്തുക്കളുടെ സ്വാധീനംമൂലം ഉണ്ടാകുന്നതാണെന്നു പഠിപ്പിക്കുന്ന സുവിശേഷ പ്രഘോഷകരുണ്ട്. ചില പുഷ്പങ്ങൾ, ആന, മയിൽ എന്നിവയുടെ ചിത്രങ്ങൾ, താലി, നിലവിളക്ക് തുടങ്ങിയവയുടെ ഉപയോഗം എന്നിവയിലൂടെ ദുഷ്ടാരൂപി നമ്മിലേക്കു കടന്നുവരുമെന്നും ഇവർ പഠിപ്പിക്കുന്നു.വിശുദ്ധ കുർബാനയ്ക്കിടയിൽ സമാധാനാശംസ നൽകുമ്പോൾ അപരനിലെ ദുഷ്ടാരൂപി തങ്ങളിലേക്ക് കടന്നുവരാതിരിക്കാൻ ഓരോരുത്തരും ശ്രദ്ധിക്കണമെന്നും ഉപദേശിക്കുന്നവരുമുണ്ട്. ഇത്തരം പഠിപ്പിക്കലുകൾക്കു പിൻബലമായി ചില ബൈബിൾ വചനങ്ങൾ അവർ ഉദ്ധരിക്കുകയും ചെയ്യും. മറ്റു മതവിശ്വാസികൾ പൂജ്യമായി കരുതുന്ന വസ്തുക്കളുടെ ഉപയോഗംമൂലം തിന്മ നമ്മിലേക്ക് കടന്നു വരുമെന്ന ചിന്ത

യാണ് അവർ വ്യാപകമായി പ്രചരിപ്പിക്കുന്നത്. ഹൈന്ദവ മതത്തോടുള്ള വെറുപ്പാണ് ഇതിലൂടെയെല്ലാം കാണിക്കുന്നത്. തിരുസഭയ്ക്ക് ഇതരമതങ്ങളോടുള്ള ബന്ധംസംബന്ധിച്ച് രണ്ടാം വത്തിക്കാൻ സൂനഹദോസ് നടത്തിയിട്ടുള്ള പ്രഖ്യാപനം ഇവിടെ സ്മരണീയമാണ്. ദൈവം അവിടുത്തെ പരിപാലനയും നന്മയുടെ വെളിപ്പെടുത്തലും രക്ഷാപദ്ധതികളും എലാവരിലേക്കും വ്യാപിപ്പിച്ചിരിക്കുന്നു (ജ്ഞാനം 8:1; അപ്പ. 14:17; റോമ. 2:67; 1 തിമോ. 2:4). ക്രിസ്തുവിനെയാണ് തിരുസഭ എന്നും പ്രഘോഷിക്കുന്നതും പ്രഘോഷിക്കേണ്ടതും. എങ്കിലും ഇതരമതങ്ങളിൽ കാണുന്ന സത്യവും വിശുദ്ധവുമായിട്ടുള്ള യാതൊന്നിനെയും കത്തോലിക്കാ സഭ തിരസ്ക്കരിക്കുന്നില്ല. എന്നുമാത്രമല്ല, അവയെ ആത്മാർത്ഥമായ ആദരവോടെയാണ് കാണുന്നതെന്നും സൂനഹദോസ് എടുത്തു പറയുന്നുണ്ട്. ചില പ്രഘോഷകർ ഇതിൽനിന്നും വ്യത്യസ്തമായ രീതിയിൽ മറ്റു മതങ്ങളെപ്പറ്റി പ്രതിപാദിക്കുന്നതു തിരുസഭയുടെ കാഴ്ചപ്പാടിനു ചേർന്നതല്ല.

ബൈബിൾ മാത്രം മതി, അത് ആർക്കും വായിച്ചു വ്യാഖ്യാനിക്കാൻ കഴിയും എന്ന ചിന്തയാണ് ഇത്തരം പ്രശ്നങ്ങൾക്ക് കാരണമാകുന്നത്. ഇക്കൂട്ടർ സഭാപ്രബോധനങ്ങളും അപ്പസ്റ്റോല പാരമ്പര്യങ്ങളും മനസ്സിലാക്കത്തവരോ അതു കണക്കിലെടുക്കാത്തവരോ ആണ്. എല്ലാം വെളിപ്പെടുത്തികിട്ടുന്നുവെന്ന അവകാശവാദവും പലരും ഉന്നയിക്കുന്നു. അങ്ങനെ പരിശുദ്ധാത്മാവുതന്നെ വെളിപ്പെടുത്തികൊടുക്കുമ്പോൾ പിന്നെ സഭയുടെ ആവശ്യമെന്ത് എന്ന ചോദ്യവും ഉന്നയിക്കപ്പെടുന്നു. ഇതിന്റെയൊക്കെ ഫലമായി സഭാക്കൂട്ടായ്മയിൽനിന്നും അവർ അകന്നു പോകുന്നു. ഇങ്ങനെയുണ്ടായിട്ടുള്ള സെക്ടുകളിൽ കൂദാശകളുടെ പരികർമ്മമുണ്ടാവുകയില്ല. അപ്പസ്റ്റോലിക സ്വഭാവം നഷ്ടപ്പെടുന്ന അത്തരം ഗ്രൂപ്പുകൾക്ക് പൗരോഹിത്യ ശുശ്രൂഷയുടെ പ്രസക്തിയില്ലല്ലോ. യേശു സ്ഥാപിച്ച സഭയുമായുള്ള ബന്ധം അത്തരക്കാർ വിച്ഛേദിക്കുകയാണു ചെയ്യുന്നത്.

ബൈബിൾ എങ്ങനെ വ്യാഖ്യാനിക്കണമെന്നതിനെ സംബന്ധിച്ചു സഭ

നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങളൊന്നും ഇത്തരം ഗ്രൂപ്പുകൾ കണക്കിലെടുക്കുന്നില്ല. വിശുദ്ധ ലിഖിതത്തിലെ പ്രവചനങ്ങളൊന്നും തന്നെ ആരുടെയും സ്വന്തമായ വ്യാഖ്യാനത്തിനുള്ളതല്ല. എന്തുകൊണ്ടെന്നാൽ, പ്രവചനങ്ങൾ ഒരിക്കലും മാനുഷിക ബുദ്ധിയാൽ രൂപം കൊണ്ടതല്ല; മറിച്ച്, പരിശുദ്ധാത്മാവിനാൽ പ്രചോദിതരായി ദൈവത്തിന്റെ മനുഷ്യർ സംസാരിച്ചവയാണ് (2 പത്രോ. 1:20). വ്യാജപ്രവചകന്മാരെയും വ്യാജോപദേഷ്ടാക്കളെയും സംബന്ധിച്ച് പത്രോസ് ശ്ലീഹാ ക്രിസ്തീയ സമൂഹത്തിന് നൽകുന്ന മുന്നറിയിപ്പ് എല്ലാവരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇസ്രായേൽ ജനങ്ങൾക്കിടയിൽ വ്യാജപ്രവാചകന്മാരുണ്ടായിരുന്നു. അതുപോലെ തങ്ങളുടെമേൽ ശീഘ്ര നാശം വരുത്തിവയ്ക്കുന്ന വ്യാജോപദേഷ്ടാക്കൾ നിങ്ങളുടെയിടയും ഉണ്ടാകും.അവർ വിനാശകരമായ അഭിപ്രായങ്ങൾ രഹസ്യത്തിൽ പഠിപ്പിക്കുകയും തങ്ങളെ വിലകൊടുത്തു വാങ്ങിയ നാഥനെപോലും നിഷേധിക്കുകയും ചെയ്യും. പലരും അവരുടെ ദുഷിച്ച മാർഗ്ഗത്തെ അനുഗമിക്കും. അങ്ങനെ അവർമൂലം സത്യത്തിന്റെ മാർഗം നിന്ദിക്കപ്പെടും. അത്യാഗ്രഹം കാരണം വ്യാജം പറഞ്ഞു നിങ്ങളെ അവർ ചൂഷണം ചെയ്യും (2 പത്രോ. 2:2-13).

കേരളത്തിൽ അടുത്തകാലത്തു ആരംഭിച്ചതും സഭയുടെ അംഗീകാരവും അനുവാദവുമില്ലാതെ നടത്തപ്പെടുന്നത്തുമായ ചില സുവിശേഷ പ്രസ്ഥാനങ്ങളും പ്രാർത്ഥനാലയങ്ങളുമുണ്ട്. അവ സഭയുടെ അംഗീകാരമുള്ളതാണെന്ന തെറ്റിദ്ധാരണ പരക്കുന്നു. ഇരിങ്ങാലക്കുട രൂപതാതിർത്തിയിൽ മുരിയാട് കേന്ദ്രമായി പ്രവർത്തിക്കുന്ന എമ്പറർ എമ്മാനുവേൽ ട്രസ്റ്റ്, മാളയിലെ അമ്മ, കാഞ്ഞിരപ്പള്ളിയിലെ അപ്പർ റൂം, എറണാകുളത്തെ കോർണർ സ്റ്റോൺ, സ്പിരിറ്റ് ഇൻ ജീസസ്, ആത്മാഭിഷേകം തുടങ്ങിയവ ഇവയിൽപ്പെടുന്നു. ഇവ കൂടാതെ സ്വർഗ്ഗീയവിരുന്ന് പോലെയുള്ള സഭാ ഗ്രൂപ്പുകളും വിശ്വാസ സമൂഹത്തിൽ തെറ്റിദ്ധാരണ പരത്തി പലരേയും ആകർഷിക്കുന്നു.

ഈ സമൂഹങ്ങൾ നടത്തുന്ന പ്രാർത്ഥനകളിലും ധ്യാനങ്ങളിലും

സഭാവിശ്വാസങ്ങൾക്കു വിരുദ്ധമായ ആശയങ്ങൾ അവതരിപ്പിക്കുന്നുണ്ട്. ഇതുകൂടാതെ കേരളത്തിൽ പല സ്ഥലങ്ങളിലും വ്യക്തികൾ ഇടവക വികാരിമാരുടെ അറിവും അനുവാദവും കൂടാതെ പ്രാർത്ഥനാഗ്രൂപ്പുകളും മറ്റും നടത്തുന്നതായി മനസ്സിലാക്കുന്നു. വേണ്ടത്ര പഠനവും പക്വതയും ഇല്ലാത്ത ഇവർ തികച്ചും അപകടകരവും സഭയുടെ പരമ്പരാഗത പ്രബോധനത്തിനു നിരക്കാത്തതുമായ ചിന്തകൾ ജനമദ്ധ്യത്തിൽ പ്രചരിപ്പി ക്കുന്നുണ്ട്. ഇക്കാര്യങ്ങളെക്കുറിച്ച് സഭാവിശ്വസികൾ ജാഗ്രതയുള്ളവ രായിരിക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

ഈ സാഹചര്യത്തിൽ ചില പ്രയോഗിക നിർദ്ദേശങ്ങൾ നൽകുക ആവശ്യമാണ്.

സർവ്വപ്രധാനമായും സഭയുടെ വിശ്വാസങ്ങളും പ്രബോധനങ്ങളും ദൈവജനത്തിനു കൂടുതലായി വിശദീകരിച്ച് കൊടുക്കാനും വിശ്വാസത്തിൽ അവരെ ആഴപ്പെടുത്താനുമുള്ള ശ്രമം ബഹുമാനപ്പെട്ട വികാരിമാരുടെ ഭാഗത്തുനിന്നുണ്ടാകണം. സെക്ടുകളിൽ അകപ്പെട്ടുപോയവരെ സ്നേഹ ബുദ്ധ്യാ തിരുത്താൻ വികാരിമാർ ശ്രദ്ധിക്കണം. വീടുകൾ സന്ദർശിക്കാനും വിശ്വാസികളുമായി വ്യക്തിപരമായ ബന്ധം സ്ഥാപിക്കാനും ബ. വൈദികർ ഉത്സാഹം കാണിക്കണം. ബൈബിൾ മാത്രം മതി എന്ന തെറ്റിദ്ധാരണ തിരുത്തപ്പെടേണ്ടതുണ്ട്.

സഭയുടെ അംഗീകാരമില്ലാത്ത പ്രാർത്ഥനാഗ്രൂപ്പുകളിലും ധ്യാനങ്ങ ളിലും സംബന്ധിക്കാതിരിക്കാൻ ഏവരും ശ്രദ്ധിക്കണം. ഈ കാര്യത്തിൽ വേണ്ടത്ര നിർദ്ദേശങ്ങൾ ബഹു. വികാരിമാർ വിശ്വാസികൾക്കു നൽകണം. വെളിപാടും ദർശനവും രോഗശാന്തിവരവും തങ്ങൾക്കുണ്ടെന്ന് അവകാശ വാദങ്ങൾ ഉന്നയിക്കുന്നവരെ വിവേകത്തോടെ വിലയിരുത്തണം. രൂപതാദ്ധ്യക്ഷന്മാരാണ് ഇക്കാര്യം സ്ഥിരീകരിക്കേണ്ടത്. ഈ അവകാശ വാദം ഉന്നയിച്ചു പലരെയും സ്വാധീനിക്കുന്നവരുണ്ടെന്ന കാര്യം എല്ലാവരും ശ്രദ്ധിക്കണം. അതിനാൽ സുവിശേഷ പ്രഘോഷകരെയും ധ്യാനപ്രസംഗക

രെയും ക്ഷണിക്കുന്നതിനു മുൻപു അവരുടെ രൂപതാദ്ധ്യക്ഷന്റെ അനുമതി യുണ്ടെന്ന് ഉറപ്പു വരുത്തണം.

കേരളത്തിലെ കരിസ്മാറ്റിക്ക് പ്രവർത്തനങ്ങളെ നയിക്കുന്നതിന് കെ.സി.ബി.സി. കരിസ്മാറ്റിക്ക് കമ്മീഷൻ നിലവിലുണ്ട്. പ്രസ്തുത കമ്മീഷന്റെ സെക്രട്ടറിയേറ്റ് കളമശ്ശേരിയിലെ എമ്മാവൂസ് കേന്ദ്രമാണ്. കേരള സർവീസ് ടീം (കെ.എസ്.ടി.) ആണ് കേരളത്തിലെ നവീകരണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നത്. കരിസ്മാറ്റിക് നവീകരണത്തെ സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾക്കു പ്രസ്തുത കേന്ദ്രവുമായി ബന്ധപ്പെടാവുന്ന താണ്.

യേശു സ്ഥാപിച്ചതും അപ്പസ്തോലന്മാരുടെ പിൻഗാമികൾ നയിക്കുന്ന തുമായ സഭയിൽ അംഗമാകുവാനും അങ്ങനെ രക്ഷയുടെ മാർഗ്ഗത്തിൽ ചരിക്കുവാനും ഭാഗ്യം ലഭിച്ചവരാണ് നമ്മൾ. ആ വലിയ ഭാഗ്യത്തിന് നാം നന്ദിയുള്ളവരയിരിക്കണം.ഏകവും സാർവത്രികവും ശ്ലൈഹികവും വിശുദ്ധവുമായ സഭയോടൊത്ത് ജീവിക്കുവാനും സഭയോടൊത്ത് ചിന്തിക്കുവനും ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

കേരള കത്തോലിക്കാമെത്രാൻ സമിതിക്കുവേണ്ടി,

**1. മോസ്റ്റ് റവ. ഡാനിയേൽ അച്ചാരുപറമ്പിൽ**
(കെ.സി.ബി.സി. പ്രസിഡന്റ്)

**2. അത്യുന്നത കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ**
(മേജർ ആർച്ചുബിഷപ് സീറോമലബാർ സഭ)

**3. മോറാൻമോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ**
(മേജർ ആർച്ചുബിഷപ് മലങ്കരസഭ)

---

ഈ ഇടയലേഖനം 2009 സെപ്റ്റംബർ 20 -ാം തിയതി ഞാറാഴ്ച ദിവ്യബലി മധ്യേ വായിക്കേണ്ടതാണ്.

# രൂപതാകച്ചേരി വാർത്തകൾ

## സ്കൂൾ പ്രധാന അദ്ധ്യാപകരുടെ യോഗം

സ്കൂൾ പ്രധാന അദ്ധ്യാപകരുടെ യോഗം 2009 ജൂൺ 9-ാം തിയതി രാവിലെ 10.30-ന് ബിഷപ്സ് ഹൗസിൽ അഭിവന്ദ്യപിതാവിന്റെ അദ്ധ്യക്ഷതയിൽ നടന്നു. സി. ട്രീസാ തയ്യിൽ എസ്. എച്ച്. എല്ലാവരെയും സ്വാഗതം ചെയ്തു. വിദ്യാഭ്യാസ കമ്മീഷൻ ഡിറക്ടർ റവ. ഫാ. ജോസഫ് തെക്കുംപുറം യോഗത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദീകരിച്ചു. ആമുഖ പ്രസംഗത്തിൽ അഭിവന്ദ്യപിതാവ് നല്ല വിജയ ശതമാനം നേടിയ സ്കൂളുകളെ അനുമോദിച്ചു. വിദ്ധ്യാർത്ഥികളുടെ സർവ്വതോത്മുമായ രൂപീകരണം ലക്ഷ്യമാക്കിയുള്ളതായിരിക്കണം വിദ്യാഭ്യാസം എന്ന് അനുസ്മരിപ്പിച്ചു. നമ്മുടെ വിദ്യാലയങ്ങൾ സുവിശേഷമൂല്യങ്ങളുടെ പ്രഘോഷണത്തിനും ഒപ്പം നല്ലൊരു നാടിനെ പടുത്തുയർത്തുന്നതിനും ഉതകുന്ന ഒരു സേവനമാർഗ്ഗവും ആകണമെന്നും പാവപ്പെട്ടവർക്കും രൂപതയിൽനിന്നുള്ള കുട്ടികൾക്കും സ്കൂളിൽ പ്രവേശനം ഉറപ്പു വരുത്തണമെന്നും പിതാവ് ഉദ്ബോധിപ്പിച്ചു. തുടർന്ന് ചർച്ചക്കു ശേഷം ഉച്ചഭക്ഷണത്തോടെ യോഗം അവസാനിച്ചു.

## കമ്മീഷൻഡിറക്ടേഴ്സിന്റെ യോഗം

രൂപതയിലെ വിവധ കമ്മീഷനുകളുടെ ഡിറക്ടർമാരുടെ യോഗം 2009 ജൂൺ 9-ാം തിയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് ബിഷപ്സ് ഹൗസിൽ അഭിവന്ദ്യപിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. Diocesan Pastoral Planning Implimentation Committee യുടെ തുടർച്ചയാണ് ഈ യോഗമെന്ന് അഭിവന്ദ്യപിതാവ് ആമുഖ സന്ദേശത്തിൽ പറഞ്ഞു. തുടർന്ന് വിവിധ കമ്മീഷനുകളുടെ ഒരു വർഷത്തെ പ്രവർത്തന പരിപാടികൾ ചർച്ച ചെയ്തു. DPPIC യുടെ അടുത്ത യോഗത്തിൽ എല്ലാ കമ്മീഷനുകളും അടുത്ത മൂന്നു വർഷത്തെ പരിപാടികളുടെ രൂപ രേഖ അവതരിപ്പികണമെന്നു യോഗത്തിൽ തീരുമാനമായി.

## കൈക്കാരന്മാരുടെയും, സെക്രട്ടറിമാരുടെയും യോഗം

2009 ജൂലൈ 18-ന് രാവിലെ 10.30-ന് കൈക്കാരന്മാരുടെയും സെക്രട്ടറിമാരുടെയും യോഗം അഭിവന്ദ്യപിതാവിന്റെ അദ്ധ്യക്ഷതയിൽ ബിഷപ്സ് ഹൗസിൽ വച്ചു നടത്തപ്പെട്ടു. ശ്രീ ജയിംസ് പള്ളിവാതുക്കൽ നയിച്ച പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. ബഹു. ജനറാളച്ചൻ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. അഭിവന്ദ്യപിതാവിന്റെ ഉദ്ഘാടന പ്രസംഗത്തിൽ കൈക്കാരന്മാരുടെയും സെക്രട്ടറിമാരുടെയും സേവനങ്ങളെ അനുമോദിച്ചതിനൊപ്പം ഇടവകകളെ വളർത്തിയെടുക്കാനുള്ള അവരുടെ ഉത്തരവദിത്വത്തെപ്പറ്റിയും സംസാരിച്ചു. തുടർന്ന് ബഹു. ജനറാളച്ചന്റെ ക്ലാസ്സും ചർച്ചകളും നടന്നു. ശ്രീ ബേബി പുളിക്കകുന്നേൽ എല്ലാവർക്കും നന്ദി പറഞ്ഞു. പ്രാർത്ഥനയോടും ഉച്ചഭക്ഷണത്തോടും കൂടി യോഗം അവസാനിച്ചു.

## രൂപതാ ഭാരവാഹികളുടെ യോഗം

രൂപതയിലെ വിവിധ കമ്മീഷനുകളുടെയും ഭക്തസംഘടനകളുടെയും രൂപതാ ഭാരവാഹികളുടെ യോഗം 2009 ജൂലൈ 18-ന് ഉച്ചകഴിഞ്ഞ് 2.00 മണിക്ക് അഭിവന്ദ്യപിതാവിന്റെ അദ്ധ്യക്ഷതയിൽ ബിഷപ്സ് ഹൗസിൽ വച്ച് നടത്തപ്പെട്ടു. സി. സീന എസ്.എ.ബി.എസ്. നയിച്ച പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. ബഹു. ജനറാളച്ചൻ എല്ലാവർക്കും സ്വാഗതം ആശം സിച്ചു. അഭിവന്ദ്യ പിതാവ് ഉദ്ഘാടന പ്രസംഗത്തിൽ രൂപതാ ഭാരവാഹി കളെ അനുമോദിച്ചു. രൂപതാ പ്രസ്ഥാനങ്ങളുടെ ആദ്യ സാരഥികളെന്ന നില യിൽ ഇവരുടെ മാതൃകയും പ്രവർത്തനശൈലിയും ഏറെ വർഷങ്ങളിലേക്ക് നിലനിൽക്കുന്നതായിരിക്കുമെന്നും ഉണർവ്വോടെയും ഒരുമയോടെയും എല്ലാവരും പ്രവർത്തിച്ച് രൂപതാ സംഘടനകളെ വളർത്തണമെന്നും പിതാവ് ഓർമ്മിപ്പിച്ചു. രൂപതാ യുവജനപ്രേഷിതത്വത്തിന്റെ ഡിറക്ടർ ബഹു. തോമസ് കാഞ്ഞിരംപാറയിൽ 'യേശുവാകുന്ന നേതാവിന്റെ ജീവിത സവിശേഷതകൾ' അടിസ്ഥാനമാക്കി ക്ലാസ്സെടുത്തു. ബഹു. ജനറാളച്ചനും

ഭാരവാഹികളെ അഭിസംബോധന ചെയ്തു സംസാരിച്ചു. തുടർന്ന് മതബോധനം, യുവജനം, മിഷൻലീഗ് പ്രസ്ഥാനങ്ങളുടെ ഭാരവാഹികൾ വെവ്വേറെ യോഗം ചേർന്നു. മിഷൻ ലീഗിന്റെ രൂപതാ, ഫൊറോനാ ഭാരവാഹികളെ പിതാവ് നിയമിച്ചു.

## അന്തർദ്ദേശീയ അല്മായ അസംബ്ലി

2009 ആഗസ്റ്റ് 13 മുതൽ 15 വരെ സീറോ മലബാർ അല്മായ കമ്മീഷന്റെ ആഭിമുഖ്യത്തിൽ കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ വച്ചു നടന്ന അന്തർദ്ദേശീയ അല്മായ അസംബ്ലിയിൽ രൂപതയിൽനിന്ന് ശ്രീ സജി പുളിക്കക്കുന്നേൽ, ശ്രീ ഫ്രാൻസീസ് അമ്പാട്ട്, ശ്രീ വിൻസൻ മാത്യു, ശ്രീമതി ബ്രിജിറ്റ്, ശ്രീമതി ടെസ്സി ജെയിംസ് എന്നിവർ പങ്കെടുത്തു.

## രൂപതാദിനാഘോഷം 2009

രൂപതാദിനത്തിൽ ആദരിക്കപ്പെടേണ്ടവരായ, ഈ വർഷം വിവാഹത്തിന്റെ 50-ാം വാർഷികം ആഘോഷിക്കുന്ന ദമ്പതികൾ, മതബോധന രംഗത്ത് 25 വർഷങ്ങൾ പൂർത്തിയാക്കിയ അദ്ധ്യാപകർ, സമർപ്പണ ജീവിതത്തിൽ 25, 50 വർഷങ്ങൾ പൂർത്തിയാക്കുന്നവർ, എന്നിവരുടെ പേരു വിവരവും; SSLC പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്കു വാങ്ങിയ ഇടവകയിൽനിന്നുള്ള കുട്ടിയുടെ പേരും, മാർക്കും; സമൂഹത്തിൽ ഏതെങ്കിലും വിധത്തിൽ പ്രത്യേകമായ സംഭാവനകൾ നൽകിയവരും രൂപതാതലത്തിൽ ആദരിക്കപ്പെടാൻ അർഹരുമായവരുടെയും പേരുവിവരങ്ങൾ ഇനിയും അറിയിക്കാത്തവരുണ്ടെങ്കിൽ 2009 സെപ്റ്റംബർ 10-ന് മുമ്പായി രൂപതാകേന്ദ്രത്തിൽ അറിയിക്കണമെന്ന് ബഹു. വികാരിയച്ചന്മാരെ സ്നേഹപൂർവ്വം ഒരിക്കൽ കൂടി ഓർമ്മിപ്പിക്കുന്നു.

**റവ. ഫാ. ഫ്രാൻസീസ് അള്ളുംപുറം**
രൂപതാ ചാൻസിലർ

## രൂപതാദിനം – 2009

**സമയം :** 2009 ഒക്ടോബർ 24, രാവിലെ 9.45 മുതൽ വൈകുന്നേരം 4.00 മണി വരെ

**സ്ഥലം:** റിപ്പൺപേട്ട്

**പങ്കെടുക്കേണ്ടവർ:**

1. ഓരോ കോൺവെന്റിൽനിന്നും 2 സിസ്റ്റേഴ്സ്
2. ഇടവകയുടെ കൈക്കാരന്മാർ
3. ഇടവകയുടെ സെക്രട്ടറി / കണക്കൻ
4. മതബോധന ഹെഡ്മാസ്റ്റർ / ഹെഡ്മിസ്ട്രസ്
5. ഇടവകയിൽനിന്നുള്ള രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ
6. ഫോറോനാ കൗൺസിലിലേക്കുള്ള ഇടവകയുടെ പ്രതിനിധികൾ
7. കപ്യാർ
8. സംഘടനകളുടെ / പ്രസ്ഥാനങ്ങളുടെ ഇടവകയിൽനിന്നുള്ള രൂപതാ ഭാരവാഹികൾ

### രൂപതാദിനത്തോടനുബന്ധിച്ച് ഓരോ ദിവസവും പ്രാർത്ഥന നടത്താൻ നിശ്ചയിച്ചിരിക്കുന്ന സ്ഥലവും തിയതിയും

| No. | Date | Place |
|---|---|---|
| 1. | 01-10-09 | Anandapuram |
| 2. | 02-10-09 | Anavatty |
| 3. | 03-10-09 | Bhadravathi |
| 4. | 04-10-09 | Davanegere |
| 5. | 05-10-09 | Holehonnur |

| | | |
|---|---|---|
| 6. | 06-10-09 | Hossur (Induvally) |
| 7. | 07-10-09 | Iduvally |
| 8. | 08-10-09 | Mastikatte |
| 9. | 09-10-09 | Nagavally |
| 10. | 10-10-09 | Ripponpett |
| 11. | 11-10-09 | Sagar |
| 12. | 12-10-09 | Shimoga |
| 13. | 13-10-09 | Umblebylu |
| 14. | 14-10-09 | Agumbe MCBS Bhavan |
| 15. | 15-10-09 | Anandapuram MCBS Bhavan |
| 16. | 16-10-09 | Anavatty MCBS Bhavan |
| 17. | 17-10-09 | Gadikoppa MCBS Bhavan |
| **18.** | **18-10-09** | **Common Prayer Day** |
| 19. | 19-10-09 | Machinahally, Karunanilaya, CMC Convent |
| 20. | 20-10-09 | Padhuva Sadan |
| 21. | 21-10-09 | SH, DSS Convents |
| 22. | 22-10-09 | SABS, LSC Convents |
| 23. | 23-10-09 | FCC, DSH Convents |
| **24.** | **24-10-09** | **Diocesan Day Celebration** |

## രൂപതാദിനാഘോഷ പരിപാടികൾ

09.45 am രജിസ്ട്രേഷൻ, ചായ
10.15 am ദിവ്യകാരുണ്യ ആരാധന
11.15 am ആഘോഷമായ വി. കുർബാന
01.00 pm ഉച്ചഭക്ഷണം
02.00 pm പൊതുസമ്മേളനം
04.00 pm സമാപനം, ചായ

**ഫാ. ജോർജ്ജ് ഞരളക്കാട്ട്**
വികാരി ജനറാൾ, ഭദ്രാവതി രൂപത

# മതബോധനം

## മത്സരങ്ങൾ

രൂപതാതലത്തിൽ മതബോധന വിദ്യാർത്ഥികൾക്കായി മത്സരങ്ങൾ

തിയതി : ഒക്ടോബർ 5, 2009
സമയം : 09.30 മുതൽ
സ്ഥലം : ഗാഡിക്കൊപ്പ

ഫാമിലി ക്വിസ്മത്സരത്തിലെ വിജയികളുടെയും, ഒക്ടോബർ മാസത്തിലെ മത്സരത്തിൽ പങ്കെടുക്കാനുള്ള അംഗങ്ങളുടെയും പേരു വിവരം സെപ്റ്റംബർ 4-ാം തിയതിക്കു മുമ്പായി രൂപതാ മതബോധന ഡിറക്ടറെ ഏൽപിക്കാനയിട്ട് ശ്രദ്ധിക്കുമല്ലോ.

## രൂപതാതലത്തിലെ വിജയികളുടെ ശ്രദ്ധക്ക്:

താഴെ പറയുന്ന മത്സരങ്ങളിൽ വിജയിച്ച എല്ലാവരും രൂപതാ ദിനത്തിൽ സമ്മാനം ഏറ്റുവാങ്ങുവാനായി എത്തിച്ചേരാൻ ശ്രദ്ധിക്കുമല്ലോ.

1. പൗലോസ് ശ്ലീഹായുടെ വർഷത്തോടനുബന്ധിച്ച് നടത്തിയ ഉപന്യാസ രചനാമത്സരത്തിലെ രണ്ടു വിഭാഗത്തിലെ വിജയികൾ.

a) അൽമായ മതബോധനാദ്ധ്യാപകർ
b) സന്യസ്തരും, ബ്രദേഴ്സും

2. 10, 7, 4 ക്ലാസ്സുകളിലെ സ്കോളർഷിപ്പ് പരീക്ഷയിലെ രൂപതാതലത്തിലെ ജേതാക്കൾ
3. Best catechism unit of the year 2008-09
4. ഫാമിലി ക്വിസ് മത്സരത്തിലെ രൂപതാതല വിജയികൾ
5. രൂപതാതലത്തിലെ കലാമത്സരത്തിലെ (October 5, 2009) ചാമ്പ്യൻ ഇടവക

**ഫാ. വർഗ്ഗീസ് പൊടിപാറ**
ഡിറക്ടർ, മതബോധനം

# കുടുംബപ്രേഷിതത്വം

ഭദ്രാവതി രൂപതയിലെ എല്ലാ കുടുംബങ്ങൾക്കും ശാന്തിയും സമാധാനവും നേരുന്നു. പരിശുദ്ധ അമ്മയുടെ ജനനത്തിരുന്നാളിനായി ഒരുങ്ങിക്കൊണ്ടിരിക്കുന്ന എല്ലാവർക്കും തിരുനാൾ മംഗളങ്ങൾ. പരി. അമ്മയെപ്പോലെ എല്ലാ കുടുംബങ്ങളും വചനത്തിൽ ആഴപ്പെട്ട് വളർന്ന് തിരുകുടുംബങ്ങളായി മാറാൻ ഇടയാകട്ടെ.

## ദമ്പതികൂട്ടായ്മ

ജൂലൈ മാസം 12-ന് നാഗവള്ളി ലൂർദ്ദ് മാതാ ദേവാലയത്തിൽ ദമ്പതികൂട്ടായ്മ നടത്തപ്പെട്ടു. 48 ദമ്പതികൾ വളരെ താൽപര്യത്തോടെ പങ്കെടുത്തു. ബഹു. അന്ത്യാംകുളത്തച്ചൻ ക്ലാസ്സുകൾ എടുത്തു. എല്ലാം ഭംഗിയായി ക്രമീകരിച്ച ബഹു. വികാരിയച്ചനെയും ഇടവക ജനത്തെയും നന്ദിയോടെ ഓർക്കുന്നു.

ജൂലൈ 19-ന് സാഗർ സെന്റ് തോമസ് ഇടവകയിൽ വച്ച് നടത്തപ്പെട്ട ദമ്പതി കൂട്ടായ്മയിൽ ഇടവകയിലെ എല്ലാ ദമ്പതികളും പങ്കെടുത്തു. ബഹു. വികാരിയച്ചനെ അനുമോദിക്കുന്നു.

ജൂലൈ 26-ന് ഇഡുവള്ളി സെൻ്റ് ആന്റണീസ് ദേവാലയത്തിൽ ദമ്പതികൂട്ടായ്മയും മാതാപിതാക്കളുടെ ദിനവും ആചരിച്ചു.ബഹു. ചാക്കോ മാത്തൂരച്ചനും, തോമസ് കാഞ്ഞിരംപാറയച്ചനും ക്ലാസ്സുകൾ എടുത്തു. അവരെ നന്ദിയോടെ ഓർക്കുന്നു.

## 2009 ലെ കർമ്മപരിപാടികൾ

കുടുംബ പ്രേഷിതത്വ ടീം മീറ്റിംഗ് : ആഗസ്റ്റ് 31

ദമ്പതികൂട്ടായ്മകൾ : സെപ്റ്റംബർ 13 - ഭദ്രാവതി
: സെപ്റ്റംബർ 27 - റിപ്പൺപേട്ട്
: ഒക്ടോബർ 18 - ആനന്ദപുരം
: നവംബർ 22 - ഷിമോഗ
: ഡിസംബർ 13 - ദാവൺഗരെ

വിവാഹത്തിനൊരുക്കമായ കോഴ്സ് : നവംബർ 27-29 - മാച്ചിനഹള്ളി

**ഫാ. ജോസ് അന്ത്യാംകുളം**
ഡിറക്ടർ, കുടുംബപ്രേഷിതത്വം

# യുവജനപ്രേഷിതത്വം

2009 ജൂൺ 12-ാം തിയതി യുവജനപ്രേഷിതത്വ രൂപതാ ഡിറക്ടേഴ്സും ഭാരവാഹികളും രൂപതാകേന്ദ്രത്തിൽ ഒന്നിച്ചു ചേർന്ന് യുവജനപ്രേഷിതത്വ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭാവിപ്രവർത്തനങ്ങളെപ്പറ്റി ചർച്ചചെയ്യുകയും ചെയ്തു. ഭദ്രാവതി രൂപതയിലെ മുഴുവൻ യുവജനങ്ങളുടെയും ഒരു സംഗമം 2009 സെപ്റ്റംബർ 26-28 തിയതികളിൽ നടത്തുവാൻ തീരുമാനിച്ചു. അതിനു മുന്നോടിയായി രൂപതാ ടീം എല്ലാ ഇടവകകളിലും സന്ദർശനം നടത്തുവാനും തീരുമാനമായി.

രൂപതാ യുവജനകമ്മീഷനിലേക്ക് സി. ലിസ്സി എസ്. എച്ച്, സി. സീന എസ്.എ.ബി.എസ്. എന്നിവരെ പുതുതായി ഉൾപ്പെടുത്തുവാൻ യോഗ

ത്തിൽ തീരുമാനമായി. രൂപതാ യുവജനപ്രസ്ഥാനത്തിൽ വളരെ പ്രത്യേകിച്ച് ഷിമോഗ ജീസസ്സ് യൂത്തിന്റെ പ്രവർത്തനങ്ങളിൽ സി. ആൻസിൻ എസ്.എച്ച്., ബ്ര. റോബിൻ എം.സി.ബി.എസ്. എന്നിവർ സജീവമായി പ്രവർത്തിക്കുന്നു.

കഴിഞ്ഞമാസങ്ങളിൽ രൂപതാ ടീം നാഗവള്ളി, ഇഡുവള്ളി, ഹൊസ്സൂർ (ഇൻഡുവള്ളി), റിപ്പൺപേട്ട്, ഭദ്രാവതി ഇടവകകൾ സന്ദർശിച്ചു.2009 ജൂലൈ 19-ാം തിയതി രൂപതാ യുവജന ഭാരവാഹികൾ ഹൊസ്സൂർ (ഇൻഡുവള്ളി) ഒന്നിച്ച് ചേർന്ന് രൂപതാ യുവജന പരിപാടികൾക്ക് രൂപം നൽകി. 2009 ആഗസ്റ്റ് 4,5 തിയതികളിൽ ബെല്ലാരിയിൽ നടന്നകർണാടക യൂത്ത് ലീഡേഴ്സിന്റെ മീറ്റിംഗിൽ നമ്മുടെ രൂപതാ പ്രതിനിധികൾ പങ്കെടുത്തു.

**ഫാ. തോമസ് കാഞ്ഞിരംപാറയിൽ**
ഡിറക്ടർ, യുവജനപ്രേഷിതത്വം

# ചെറുപുഷ്പ മിഷൻലീഗ്

മിഷൻലീഗിൽനിന്നും പ്രാർത്ഥനാശംസകൾ.

## ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്:

മെയ് 24-28 വരെ മാച്ചെനഹള്ളിയിൽ വച്ചു നടത്തപ്പെട്ട ജീവോദയ ക്യാമ്പിൽ ബഹു. ജനറാളച്ചന്റെ നേതൃത്വത്തിൽ മിഷൻലീഗിന്റെ ഫൊറോനാ ഭാരവാഹികളെയും ജൂലൈ 18 അഭിവന്ദ്യപിതാവിന്റെ അദ്ധ്യക്ഷതയിൽ ബിഷപ്സ് ഹൗസിൽ കൂടിയ യോഗത്തിൽ രൂപതാഭാരവാഹികളെയും തിരഞ്ഞെടുക്കുകയുണ്ടായി. അവരുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

## രൂപതാ ഭാരവാഹികൾ:

| | | |
|---|---|---|
| പ്രസിഡന്റ് | : | ഫ്രാൻസീസ് അമ്പാട്ട് (നാഗവള്ളി) |
| വൈസ് പ്രസിഡന്റ് | : | അഞ്ചു പുന്നത്താനത്ത് (റിപ്പൺപേട്ട്) |
| സെക്രട്ടറി | : | ജിസ്സ് മറ്റം (ഇഡുവള്ളി) |
| ജോയിന്റ് സെക്രട്ടറി | : | സൗമ്യ വട്ടമറ്റം (ഹൊസ്സൂർ - ഇൻഡുവള്ളി) |
| ഓർഗനൈസേർസ് | : | ജോൺ സുരേഷ് ബാബു (ഹൊളേഹൊന്നൂർ)<br>പ്രശാന്ത് (ആനവട്ടി) |

## ഫൊറോനാ ഭാരവാഹികൾ:

**റിപ്പൺപേട്ട് ഫൊറോന:**

| | | |
|---|---|---|
| പ്രസിഡന്റ് | : | വിൻസൺ പഴൂപറമ്പിൽ (റിപ്പൺപേട്ട്) |
| ഓർഗനൈസർ | : | സനുമോൻ പന്തമാക്കൽ (നാഗവള്ളി) |

**ഷിമോഗാ ഫൊറോന:**

| | | |
|---|---|---|
| പ്രസിഡന്റ് | : | അൽഫോൻസാ കൊല്ലാപ്പിള്ളി (ഷിമോഗാ) |
| ഓർഗനൈസർ | : | നവീൻ കാഞ്ഞിരത്തിങ്കൽ (ഷിമോഗാ) |

## കുഞ്ഞേട്ടന് ആദരാഞ്ജലികൾ

ഏഷ്യയിലെ ഏറ്റവും വലിയ അത്മായപ്രേഷിത സംഘടനയായ ചെറുപുഷ്പ മിഷൻ ലീഗിന്റെ സ്ഥാപക നേതാക്കളിലൊരാളായ പുല്ലാട്ടു കുന്നേൽ പി. സി. അബ്രാഹം (കുഞ്ഞേട്ടൻ), 84 വയസ്സ്, നിര്യാതനായ വിവരം നിങ്ങൾ എല്ലാവരും അറിഞ്ഞുകാണുമല്ലോ. 1947 വി. കൊച്ചു ത്രേസ്യയുടെ തിരുനാൾ ദിനത്തിൽ ഭരണങ്ങാനത്തു രൂപംകൊണ്ട ചെറു പുഷ്പ മിഷൻലീഗിനു വേണ്ടി അദ്ദേഹം നൽകിയ നിസ്വാർത്ഥമായ പ്രവർത്തനങ്ങളാണ് അദ്ദേഹത്തെ മിഷൻലീഗ് കുഞ്ഞേട്ടനായി ഉയർത്തിയത്. നമ്മുടെ പ്രാർത്ഥനകളിൽ ആ പുണ്യാത്മാവിനെ പ്രത്യേകം അനുസ്മരിക്കാം.

സ്നേഹാശംസകളോടെ,

**ഫാ. ജിമ്മി മാമ്മൂട്ടിൽ**
രൂപതാ ഡിറക്ട്ടർ, മിഷൻലീഗ്

# സാമൂഹ്യ പ്രവർത്തനം

MSSS Governing Body രൂപതാദ്ധ്യക്ഷന്റെ അദ്ധ്യക്ഷതയിൽ ചേർന്ന് രൂപതയുടെ സാമൂഹ്യപ്രവർത്തനങ്ങളെ അവലോകനം ചെയ്തു. സാമൂഹ്യ സേവന രംഗത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കോർഡിനേറ്റേഴ്സിന്റെയും, ആനിമേറ്റേഴ്സിന്റെയും യോഗം മാസത്തിലൊരിക്കൽ ചേരുവാൻ തീരുമാന മായി. അതനുസരിച്ച് 2009 ജൂൺ 25-നും, ആഗസ്റ്റ് 11-നും മീറ്റിംഗ് ചേരുകയും ആരോഗ്യം, വിദ്യാഭ്യാസം, ഉപജീവനം എന്നീ മേലകളിൽ പുതിയ പദ്ധതികൾ ആരംഭിക്കുവാൻ ആലോചിക്കുകയും ചെയ്തു.

വിദ്യാഭ്യാസ മേഖലയിൽ ഗ്രാമങ്ങളിലെ സ്കൂളുകളിൽ Quality Education മുന്നിൽ കണ്ടുകൊണ്ട് അവിടെയുള്ള CBOs (SDMC, ഗ്രാമസമിതി, യൂത്ത്സംഗം)ന്റെ സഹകരണത്തോടെ തഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

1. 100% enrollment ഉറപ്പുവരുത്തുക.
2. 100% retention ഉറപ്പുവരുത്തുക.
3. ബാലവേലകളിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികളെ സ്കൂളിൽ ചേർക്കുക.
4. SDMC ബോധവൽക്കരണം
5. ഗ്രാമങ്ങളിലും സംഘങ്ങളിലും Quality Education-നു വേണ്ട ആവശ്യങ്ങളെ അവതരിപ്പിക്കുക.
6. Elected members ന്റെ workshop ഗ്രാമപഞ്ചായത്ത്, താലൂക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് മേഖലകളിൽ സംഘടിപ്പിക്കുക.
7. കുട്ടികളെ കേന്ദ്രീകരിച്ചുള്ള വിദ്യാഭ്യാസത്തിനു വേണ്ടി സംഘങ്ങളെ രൂപീകരിക്കുക.

നാല് കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനു വേണ്ടിയുള്ള സഹായം നൽകി. ആരോഗ്യ മേഖലയിൽ HIV/AIDS രോഗബാധിതർക്കായുള്ള Navajeevan Community Care Centre 2009 ജൂൺ മാസം 25-ാം തിയതി അഭിവന്ദ്യപിതാവ് മാർ അരുമച്ചാടത്തു പിതാവ് ഷിമോഗാ ബിഷപ് ഡോ. ജെറാൾഡ് ഐസക്ക് ലോബോയുടെയും, മറ്റു വിശിഷ്ടാതിഥികളുടെയും സാന്നിദ്ധ്യത്തിൽ ഉത്ഘാടനം ചെയ്തു. രോഗികൾക്ക് ആവശ്യമായ ശുശ്രൂഷയും, പരിചരണവും നൽകുവാനുള്ള ക്രമീകരണം ഇവിടെ

ചെയ്തിരിക്കുന്നു. അതുപോലെ ക്ഷയരോഗം, പന്നിപ്പനി, തുടങ്ങിയ സംക്രമിക രോഗങ്ങളെക്കുറിച്ച് ഗ്രാമങ്ങളിൽ ബോധവൽക്കരണം നടത്തുവാൻ തീരുമാനിച്ചു. ശിശുക്കൾക്കും, അമ്മമാർക്കും, ഗർഭിണി കൾക്കും പ്രാഥമിക ശുശ്രൂഷകൾ ലഭിക്കുവാൻ പ്രാഥമിക ശുശ്രൂഷാ കേന്ദ്രങ്ങളുമായി ചേർന്ന് പ്രവർത്തിക്കുവാനും, Health Camp കൾ നടത്തുവാനും തീരുമാനമെടുത്തു.

ഉപജീവന വികസനത്തിന്റെ മേഖലയിൽ സ്വയം സേവാസംഘങ്ങളിൽ ആടുവളർത്തൽ, പശുവളർത്തൽ എന്നിവയ്ക്കും കട തുടങ്ങുവാനും, ഇഞ്ചി വളർത്തുവാനും, വേലി നിർമ്മാണത്തിനുമായി പ്രോത്സാഹന ധന സഹായം നൽകി. Income Generation Program നോട് അനുബന്ധിച്ച് ബാങ്കുകളിൽനിന്ന് വായ്പ എടുക്കുവാനും അത് ശരിയായ രീതിയിൽ നടത്തുവാനും വേണ്ട പ്രോത്സാഹനം നൽകിവരുന്നു.

കഴിഞ്ഞ ഒരുവർഷമായി സാമൂഹ്യപ്രവർത്തന വിഭാഗത്തിന്റെ ഡിറക്ടറായി സേവനമനുഷ്ടിച്ചു വരുകയായിരുന്ന ബഹു. സക്കറിയാസ് ഇലവനാൽ ആ സ്ഥാനത്തു നിന്നു വിരമിച്ചു. അച്ചന്റെ സേവനങ്ങൾക്ക് നന്ദി പറയുന്നതോടൊപ്പം പുതിയ സേവനരംഗത്ത് എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നു. പുതിയ ഡിറക്ടറായി റവ. മോൺ. ജോർജ്ജ് ഞരളക്കാട്ടും, അസി. ഡിറക്ടറായി റവ. ഫാ. സെബാസ്റ്റ്യൻ ചെന്ന ക്കാട്ടുകുന്നേലും നിയമിതരായി.

Caritas India 2009 ജൂലൈ 13,14 തിയതികളിൽ ബാംഗ്ളൂരിൽ നടത്തിയ Idea Workshop ലും, ജൂലൈ 20 - ന് നടത്തിയ Accounts Workshop ലും, ജൂലൈ 28, 29 മൈസൂരിൽ നടന്ന Community Care Centre - ന്റെ Review Meeting- ലും, 2009 ആഗസ്റ്റ് 14-21, ഭോപ്പലിൽ നടന്ന Natural Resource Management Workshop -ലും ഫാ. സെബാസ്റ്റ്യൻ ചെന്നക്കാട്ടുകുന്നേൽ പങ്കെടുത്തു.

**ഫാ. സെബാസ്റ്റ്യൻ ചെന്നക്കാട്ടുകുന്നേൽ**
അസി. ഡിറക്ടർ, സാമൂഹ്യപ്രവർത്തനം

## Karnataka United Christian Forum for Human Rights (KUCFHR)

It was a long felt need, especially in the context of the existing political and communal scenario in Karnataka, to establish a Forum of all Christian brethren, irrespective of denominations, to fight injustice and violation of human rights meted out to Christians. The Churches in Karnataka represented by the respective bishops and leaders of denominations came together with the formal inauguration of the KUCFHR at St. Mark's Cathedral, Bangalore on 19 June 2009.

We have also taken certain steps in this direction in our diocese too in collaboration with the diocese of Shimoga and brethren from other Christian denominations which need to be developed under proper direction. **On 4 August 2009 10.30 a.m. at MCBS Bhavan, Gadikoppa Rev. Fr. Faustine Lobo, the Co-ordinator of KRPPC, enlightened us more on this** and gave specific directions and modalities to be adopted. The meeting was presided over by Bishop Mar Joseph Arumachadath.

## Retreat for Priests and Religious Clergy of Karnataka

KRCBC Commission for Proclamation and Evangelization, in collaboration with the Bangalore Catholic Charismatic Renewal Services and National Charismatic Renewal Services has organized a retreat for the Bishops and Priests of Karnataka from 14$^{th}$ Sept. 2009 to 18$^{th}$ September 2009 at Carmelaram, Bangalore on the occasion of the "Year of the Priests". I am enclosing herewith the details of the same. All those of you who can attend this retreat are very much encouraged to do so.

The Retreat is preached by **Rt. Rev. Valerian D'Souza**, Emeritus Bishop of Pune, Most **Rev. Sebastianappan Singaroyan, Bishop of Salem, Rev. Fr. Rufus Pereira, and Rev. Fr. Fernando.**

**Theme** : "Faithfulness of Christ, Faithfulness of Priests"

**Date** : Monday 14th September 2009 (10.00 AM) – Friday 18th September 2009 (Lunch)

**Venue** : Carmelaram

**How to register**: To register, please fill in the attached registration form and send it latest by **15th August 2009** along with the registration fee to: Brendan Rodricks, Project Administrator, Bangalore Catholic Charismatic Renewal Services (BCCRS) Office, St. Mary's Orphanage Premises, 2nd Cross, D'Costa Layout, St. Thomas Town P.O, Bangalore – 560 084.

Phone – (080) 25498176 / (080) 25477271 / 9742185747.
E-mail: brendanrodricks@bccrs.org.in.
Website: www.bccrs.org.in

**For any further clarifications please contact**:

Rev.Fr. Britto Jacob C.Ss.R,
Secretary, Proclamation Commission, (Archbishop's House),
#75, Millers Road, Post Box No.2,
Bangalore – 560 046.
Phone – (080) 23330438, 9844021515.
E-mail: frbrittojacob@yahoo.com / frbritto@bccrs.org.in.

**Expenses**:

Registration Fee : Rs. 300 (To be sent with the Registration form)
Boarding & Lodging : Rs.1200 (To be paid at the venue)

# Birthday and Festal Greetings

**September**

| | | |
|---|---|---|
| 16 | Fr. Chennakattukunnel Sebastian | (B.day) |
| 21 | Fr. Kizhakkemury Mathew | (Patron's Day) |
| 29 | Fr. Orapuzhackal Michael | (Patron's Day) |

**October**

| | | |
|---|---|---|
| 04 | Fr. Chempotickal Francis | (Patron's Day) |

**November**

| | | |
|---|---|---|
| 11 | Fr. Thekkekuttu George | (B.day) |

## COLLECTIONS

| | | ***Peter's Pence*** | ***Syro-Malabar Sabhaadinam*** |
|---|---|---|---|
| 1. | Anandapuram, Sacred Heart Church | 160.00 | 135.00 |
| 2. | Anavatty, Kristuraj Church | — | — |
| 3. | Bhadravathi, Infant Jesus Church | 350.00 | 500.00 |
| 4. | Davangere, St. Joseph's Church | 1000.00 | 1000.00 |
| 5. | Holehonnur, St. Mary's Church | – | – |
| 6. | Hossur (Induvally), Sacred Heart Church | 583.00 | 510.00 |
| 7. | Iduvally, St. Antony's Church | 600.00 | 500.00 |
| 8. | Joga, St. Mary's Church | 95.00 | 50.00 |
| 9. | Kargal, Holy Spirit Church | 65.00 | 160.00 |
| 10. | Nagavally, Lourde Matha Church | 490.00 | 407.00 |
| 11. | Ripponpett, Good Shepherd Church | 600.00 | 600.00 |
| 12. | Masthikatte, St. Peter's Church | 400.00 | 300.00 |
| 13. | Sagar, St.Thomas Church | 432.00 | 175.00 |
| 14. | Shimoga, St. Joseph's Church | 1650.00 | 1600..00 |
| 15. | Umblebylu, St. Alphonsa's Church | 247.00 | 368.00 |
| | **Total** | **6672.00** | **6305.00** |

# BISHOP'S DAIRY

## JUNE 2009

| | | |
|---|---|---|
| 4-7 | : | Sagar, Joga, Kargal, Pastoral Visit |
| 8th | : | 4.00 pm, MSSS General Body Meeting |
| 9th | : | 10.00 am, School headmasters/ headmistress meeting |
| | : | 3.00 pm, Diocesan Commission Directors Meeting |
| | : | 6.00 pm, Monthly recollection, Priests |
| 10th | : | 6.00 pm, Monthly recollection, Sisters |
| 15-17 | : | Mysore, KRCBC – retreat |
| 18th | : | Mysore, KRCBC – KRCR joint meeting |
| 19-20 | : | Bangalore, Karnataka United Christian Forum (KUCF) meeting |
| 21 | : | Sunday School headmasters/ headmistress meeting |
| 24 | : | MCBS Bhavan, Gadikoppa |
| 25 | : | Bhadravathi, Inauguration of Community Care Centre for HIV/AIDS patients |
| 27th | : | 10.30 a.m. Choondy, Alwaye, Final Profession, CSN Sisters |
| | : | 3.00 p.m. Kalamassery, Commitment of Jesus Youth full-timers |
| 28th | : | Bangalore, St. Norbert Parish, First Communion and Confirmation |

## JULY 2009

| | | |
|---|---|---|
| 1st | : | Shimoga, Sacred Heart Cathedral, Funeral of Rev. Msgr. S.R. Peter |
| 2nd | : | Meenangady, Funeral of Rev. Fr. Placid, TOR |
| 3rd | : | Feast of St. Thomas |

| | | |
|---|---|---|
| 5th | : | Ripponpett |
| 6-13 | : | Shimoga St. Joseph's Parish, Pastoral Visit |
| 7th | : | Iduvally, Funeral of Mr. Thomas Mattom |
| 14th | : | Monthly recollection, Priests |
| 15th | : | Monthly recollection, Sisters |
| 16th | : | Kanjirappally, Cathedral, Requiem Mass |
| 18th | : | 10.30 am – Meeting of the *Kaikars* and Parish Secretaries |
| | : | 02.30 pm – Meeting of the Office Bearers of Diocesan Pious Organizations |
| 19th | : | Shimoga St. Joseph's Parish, Pastoral Visit |
| 27th | : | Karunanilaya, Machaenahally |
| 28th | : | Feast of St. Alphonsa |
| 29th | : | Girideepam, Bethany Sisters |

**AUGUST 2009**

| | | |
|---|---|---|
| 3rd | : | MCBS Bhavan, Gadikoppa |
| 4 | : | 7.00 a.m. Gadikoppa, Feast of St. Maria John Vianney |
| 4-5 | : | Belthangady |
| 7 | : | Meeting with KROSS secretary, Fr. Peter Brank |
| 9th | : | MCBS Bhavan |
| 11th | : | Monthly Recollection, Priests and Sisters |
| 14-15 | : | Kunnoth, Good Shepherd Major Seminary |
| 16 | : | Holy Mass, MSMI Generalate, Kulathuvayal |
| 17-28 | : | Syro-Malabar Synod of Bishops |
| 23 | : | 7. 00 a.m. Vandamattom, St. George Church, Holy Mass |
| | : | 3.00 p.m. Bharananganam, St. Alphonsa Janmasadabthi |
| | : | 5.30 p.m. Koottickal, Funeral, Aelikutty Challavayalil |

27 : 7.00 p.m. Angamaly, St. George Basilica proclamation ceremony

30 : Erattayar, Holy Mass

## BISHOP'S PROGRAM

### SEPTEMBER – OCTOBER 2009

Sept. 03 : 10.30 am - Diocesan Pastoral Planning Implementation Committee

: 03.00 pm - Diocesan Commission Directors Meeting

: 05.00 pm - Monthly Recollection – **Priests and Sisters**

04 : 10.30 am - Meeting of the College of Consultors

05 : 10.30 am - Ripponpet, Meeting of the Committees for Diocesan Day Celebration

07 : 10.00 a.m. Malnad Social Service Society, Governing Body

: 7.00 p.m. Kargal, Holy Qurbana

08 : Harihar, Shrine of Our Lady of Health – Feast, Holy Qurbana

09 : Bangalore, KUCFHR General Body Meeting

10 -11 : Bangalore, KRCBC Meeting

Sept. 13 – Oct. 20 : Out of Station

Oct. 24 : Ripponpet, Second Diocesan Day Celebrations